പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2901 **29-10-2026-ൽ മറുപടിയ്ക്ക്**

കണ്ണങ്കാട്ട് പാലത്തിന്റെ നിർമാണ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കൊല്ലം-കുന്നത്തൂർ താലൂക്കുളെ ബന്ധിപ്പിക്കുന്ന കല്ലട ആറിന് കുറുകെയുള്ള കണ്ണങ്കാട്ട് പാലത്തിന്റെ നിർമാണ പുരോഗതി വിശദീകരിക്കാമോ?

മറുപടി: 10-07-2017 ലെ സ.ഉ(സാധാ)നം.942/2017/PWD പ്രകാരം ടി പ്രവൃത്തിക്ക് ₹50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, KIIFB- യിൽ നിന്നും ₹44.28 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ ₹36.13 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി 14.03.2026-ന് ടെൻഡർ ചെയ്ത് 01.04.2026-ന് ടെക്നിക്കൽ ബിഡ് തുറന്നെങ്കിലും നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. KIIFB-യുടെ 22.09.2026-ലെ APR-9/13218/2026/KIIFB നമ്പർ കത്ത് പ്രകാരം തുടർനടപടികൾക്ക് അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ, 22.10.2026-ന് പ്രസ്തുത പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് തുറന്നു. തുടർനടപടികൾ പൂർത്തിയാക്കി പ്രവൃത്തി അടുത്ത ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ പരിശോധിക്കുന്നതും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ് .

സെക്ഷൻ ഓഫീസർ